**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2846** **10-03-2025 - ൽ മറുപടിയ്ക്ക്**

**ജണ്ട നിർമ്മാണം നടത്തിയതിലെ അഴിമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം വനം ഡിവിഷനിലെ പാലോട് റെയിഞ്ചിൽ 2019, 2020 & 2021 വർഷങ്ങളിൽ ജണ്ട നിർമ്മാണം നടത്തിയതിലെ അഴിമതിയുമായി ബന്ധപ്പെട്ട അന്വേഷണം 21.12.2021 മുതൽ ആരംഭിച്ച് 06.06.2022ൽ പൂർത്തീകരിച്ച് കോട്ടയം വിജിലൻസ് കൺസർവേറ്റർ മേലധികാരിക്ക് രണ്ടര വർഷം മുമ്പ് റിപ്പോർട്ട് സമർപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | **തിരുവനന്തപുരം വനം ഡിവിഷനിലെ പാലോട് റെയിഞ്ചിൽ 2019, 2020 & 2021 വർഷങ്ങളിൽ ജണ്ട നിർമ്മാണം നടത്തിയതിലെ അഴിമതിയുമായി ബന്ധപ്പെട്ട് കോട്ടയം വിജിലൻസ് കൺസർവേറ്റർ സമർപ്പിച്ച റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല .എന്നാൽ കോട്ടയം ഐ.& ഇ. വിഭാഗം ഫോറസ്റ്റ് കൺസർവേറ്റർ 06.06.2022-ൽ വിജിലൻസ് & ഫോറസ്ററ് ഇന്റലിജൻസ് വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട് .ടി റിപ്പോർട്ടിൽ വിശദമായ പരിശോധന ബന്ധപ്പെട്ട കൺസർവേറ്റർമാർ നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം വിജിലൻസ് വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നൽകിയിട്ടുണ്ട്.** |
| (ബി) | വനം വിജിലൻസിന്റെ പ്രസ്തുത അന്വേഷണ റിപ്പോർട്ട് വീണ്ടും അന്വേഷിക്കുന്നതിനായി 15.03.2023-ൽ ജണ്ട നിർമ്മാണത്തിലെ അഴിമതി അന്വേഷണം നടത്തിയ അതേ വിഭാഗത്തിനു തന്നെ വീണ്ടും നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വിഷയം പരാതിയായി ആറു മാസം മുൻപ് സി.എം.ഒ. പോർട്ടലിൽ നൽകിയിട്ടും നാളിതുവരെ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | **വനം വകുപ്പിൽ 2019-20, 2020-21 കാലയളവിൽ നിർമ്മിച്ച ജണ്ടകൾ വിശദമായി പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട എല്ലാ കൺസർവേറ്റർമാർക്കും 15.03.2023 തീയതിയിൽ വിജിലൻസ് വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നിർദ്ദേശം നൽകിയിട്ടുണ്ട്.**<br><br>**തിരുവനന്തപുരം വനം ഡിവിഷനിലെ പാലോട് റെയിഞ്ചിൽ ജണ്ട നിർമ്മാണം നടത്തിയതിലെ അഴിമതി അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് ബഹു.മുഖ്യമന്ത്രിയുടെ സി.എം.ഒ പോർട്ടലിൽ ഒരു പരാതി വനം വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗത്തിന് ലഭിക്കുകയും തുടർന്ന് കോട്ടയം (ഐ & ഇ) ഫോറസ്റ്റ് കൺസർവേറ്റർ 03.02.2025 തീയതിയിൽ വനം വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് ഓഫീസിൽ അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട് . ടി അന്വേഷണ** |

| | | | |
|---|---|---|---|
| | | | **റിപ്പോർട്ടിന്മേൽ സൂക്ഷ്മ പരിശോധന നടത്തി വരുന്നു . അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.** |
| (സി) | പാലോട് റേഞ്ചിലെ ജണ്ട നിർമ്മാണത്തിലെ അപാകതകളുമായി ബന്ധപ്പെട്ട പരാതിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നതിൽ മനഃപൂർവം കാലതാമസം വരുത്തുന്നതിനെ കുറിച്ച് സ്വതന്ത്രമായൊരന്വേഷണം നടത്താൻ തയാറാക്കുമോ; വ്യക്തമാക്കുമോ? | (സി) | **പരാതിയുടെ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നതിൽ മന:പൂർവ്വമായ കാലതാമസം വന്നിട്ടില്ലാത്തതിനാൽ അത്തരത്തിലുള്ള ഒരന്വേഷണത്തിന്റെ ആവശ്യകത ഉള്ളതായി കാണുന്നില്ല.** |

സെക്ഷൻ ഓഫീസർ